അധ്യായം 99

## അസ്സൽസാൽ (പ്രകമ്പനം)

അവതരണം മദീനയിൽ, സൂക്തങ്ങൾ 8

**അദ്ധ്യായ പരിചയം:**

പതിനൊന്ന് വചനങ്ങളുള്ള ഒരു അദ്ധ്യായമാണിത്. പരലോകനിഷേധം കൊണ്ട് മനുഷ്യൻ നേരിടുന്ന ധാർമിക അധഃപതനത്തെ വിശദീകരിക്കുകയാണ് ഇതിലൂടെ. ഈ അദ്ധ്യായം അവതരിക്കുമ്പോൾ മക്കയിൽ നിലനിന്നിരുന്ന പൊതുജനജീവിതത്തിൻെറ മുഖം കൂടി ഇത് വരച്ചുകാണിക്കുന്നു. സാമ്പത്തികമായ ക്രമക്കേടുകളും കൊള്ളയും നിറഞ്ഞ സാമൂഹികാവസ്ഥകളെ മുന്നിൽ വെച്ച് മനുഷ്യജീവിതത്തെ നിരൂപണം ചെയ്യുന്നു ഈ അദ്ധ്യായം.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

إِذَا زُلْزِلَتِ ٱلْأَرْضُ زِلْزَالَهَا ۝١ وَأَخْرَجَتِ ٱلْأَرْضُ أَثْقَالَهَا ۝٢ وَقَالَ
ٱلْإِنسَٰنُ مَا لَهَا ۝٣ يَوْمَئِذٍ تُحَدِّثُ أَخْبَارَهَا ۝٤ بِأَنَّ رَبَّكَ أَوْحَىٰ لَهَا ۝٥
يَوْمَئِذٍ يَصْدُرُ ٱلنَّاسُ أَشْتَاتًا لِّيُرَوْا۟ أَعْمَٰلَهُمْ ۝٦ فَمَن يَعْمَلْ مِثْقَالَ ذَرَّةٍ
خَيْرًا يَرَهُۥ ۝٧ وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ۝٨

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. ഭൂമി അതിന്റെ വിറ വിറപ്പിക്കപ്പെടുമ്പോൾ.
2. ഭൂമി അതിൻെറ ഭാരങ്ങൾ പുറംതള്ളുകയും ചെയ്യുമ്പോൾ
3. മനുഷ്യൻ ചോദിക്കുകയും ചെയ്യും, അതിനെന്തു പററി?
4. അന്നാളിൽ ഭൂമി അതിൻെറ വൃത്താന്തങ്ങൾ പറഞ്ഞറിയിക്കും.
5. കാരണം, നിശ്ചയം നിൻെറ നാഥൻ അതിനു ബോധനം നൽകും.
6. അന്നാളിൽ ജനം ചിതറിയ സംഘങ്ങളായി പുറപ്പെടും; അവരുടെ പ്രവർത്തനഫലങ്ങൾ അവർക്ക് കാണുന്നതിനു വേണ്ടി
7. ആർ അണുമണിത്തൂക്കം നന്മ ചെയ്തുവോ അവനത് കാണും.
8. ആർ അണുമണിത്തൂക്കം തിന്മ ചെയ്തുവോ അവനും അത് കാണും.

**വിശദീകരണം:**

പ്രപഞ്ചം മുഴുവൻ അനുഭവപ്പെടുന്ന മഹാസംഭവത്തിലേക്കാണ് സൂചന. പ്രസ്തുത പ്രകമ്പനത്തിൻെറ ഭീകരതയെ കുറിക്കാനാണ് "അതിൻെറ വിറ" എന്നു കൂടി കൂട്ടിച്ചേർത്തത്. ലോകാവസാന ശേഷമുണ്ടാകുന്ന പ്രകമ്പനമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതോടെ മുമ്പ് മരിച്ചു മണ്ണടിഞ്ഞ ആദിമനുഷ്യരും ലോകാവസാനത്തിന് നാന്ദികുറിച്ചുകൊണ്ടുണ്ടായ പ്രഥമ പ്രകമ്പനത്തിൽ മരിച്ചൊടുങ്ങിയ മുഴുവൻ മനുഷ്യരും (ഒന്നാമത്തെ പ്രകമ്പനത്തിൽ ഏകദൈവമല്ലാതെ മറ്റെല്ലാവരും നശിക്കുന്നതാണ്) ഏത് അവസ്ഥയിലാണോ മരിച്ചു കിടന്നിരുന്നത് അവിടെനിന്ന് ഭൗതികജീവിതത്തിൽ ജീവിച്ചിരുന്നതു പോലെ ഉയിർത്തെഴുന്നേല്ക്കും. ഭൂമിയുടെ അവസ്ഥ കണ്ട് സത്യനിഷേധിയായ മനുഷ്യൻ അന്ധാളിപ്പോടെ ഇങ്ങനെ ചോദിക്കും: ഭൂമിക്കെന്ത് സംഭവിച്ചു? കാരണം, അവനെ സംബന്ധിച്ചിടത്തോളം ഭൂമി നശിക്കുകയോ അതിനൊരു അന്ത്യമുണ്ടാകുമെന്ന് അവൻ പ്രതീക്ഷിക്കുകയോ ചെയ്തിരുന്നില്ല. അവൻെറ സങ്കല്പങ്ങളാണ് കൺമുമ്പിൽ പാടെ തകർന്നടിഞ്ഞിരിക്കുന്നത്. പരലോക

ത്തെ നിഷേധിച്ചിരുന്ന അവൻെറ മുമ്പിൽ പരലോകത്തിൻെറ എല്ലാ അടയാളങ്ങളും പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

ഭൂമി അതിൻെറ വൃത്താന്തങ്ങൾ പറയും എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഭൂമിക്കു മുകളിൽവെച്ച് മനുഷ്യൻ ചെയ്തുകൂട്ടിയ എല്ലാ കർമങ്ങളെയും ഒരു സാക്ഷിയെപ്പോലെ അത് വിവരിച്ചുപറയും എന്നാണ്. ഭൂമിയെ മറച്ചുവെച്ച് ആർക്കും ഒരു കർമവും ചെയ്യാൻ സാധിക്കുകയില്ല. മനുഷ്യൻെറ രഹസ്യനീക്കങ്ങൾക്കുപോലും അത് സാക്ഷ്യം വഹിക്കുന്നുണ്ട്. സൃഷ്ടികർത്താവായ അതിൻെറ നാഥന് അതിനെ സംസാരിപ്പിക്കുക പ്രയാസമുള്ള കാര്യമല്ല. പരലോകത്ത് മനുഷ്യകർമങ്ങളെ വിചാരണ ചെയ്യാൻ ഏകദൈവം സംവിധാനിച്ച അനേകം സംവിധാനങ്ങളിൽ ഒന്നത്രെ ഭൂമിയുടെ ഈ സാക്ഷ്യവിവരണം.

നീതിമാന്മാരായ മലക്കുകൾ രേഖപ്പെടുത്തിവെക്കുന്ന കർമപുസ്തകമാണ് മറ്റൊരു സംവിധാനം. മനുഷ്യസരീരത്തിലെ പല ഭാഗങ്ങൾക്കും ഏകദൈവം നല്കുന്ന സംസാരവൈഭവമാണ് മറ്റൊന്ന്. അണുമണിത്തൂക്കം കുറയാതെ മനുഷ്യകർമങ്ങൾ തൂക്കിക്കണക്കാക്കുന്ന ത്രാസ്സാണ് വേറെയൊരു സംവിധാനം. അതിൻെറ കൂട്ടത്തിലാണ് ഭൂമിയുടെ സാക്ഷ്യവിവരണവും ഉണ്ടാവുക.

മനുഷ്യനെ വിചാരണക്ക് ഹാജരാക്കുന്നതും തൻെറ കർമഫലം നേരിൽ കാണാൻ മനുഷ്യൻ ദൈവിക സന്നിധിയിൽ വരുന്നതും തനിച്ചായിരിക്കും. ഖുർആൻ അക്കാര്യം ഇങ്ങനെ പറഞ്ഞു: "നിങ്ങളെ നാം ആദ്യതതവണ സൃഷ്ടിച്ചപ്പോഴെന്ന പോലെ ഒറ്റപ്പെട്ടവരായി നിങ്ങൾ നമ്മുടെ സന്നിധിയിൽ ഹാജരാകും." അന്ന് അവന് അകമ്പടി സേവിക്കാനോ സഹായിക്കാനോ ആരും ഉണ്ടാവുകയില്ല.

കർമങ്ങൾക്ക് അന്ന് നന്മയോ തിന്മതോ ആയ പ്രതിഫലം നല്കുന്നത് മനുഷ്യരെ തങ്ങളുടെ കർമങ്ങളിലെ ചീത്തയും നല്ലതും ബോധ്യപ്പെടുത്തിക്കൊടുത്ത ശേഷമായിരിക്കും. തെറ്റ് ബോധ്യപ്പെടുത്തിയ ശേഷം അതിൻെറ യാഥാർഥ്യമെന്തായിരുന്നു എന്നുകൂടി അവനെ ബോധ്യപ്പെടുത്തും. അതിന് ശേഷം ശിക്ഷ വിധിക്കുക എന്നതത്രെ ദൈവികനീതിയുടെ രീതി. അതിനാണ് "അവൻെറ കർമങ്ങൾ കാണിക്കുന്നതിനു വേണ്ടി" എന്നു പറഞ്ഞത്.

ഏഴും എട്ടും വചനങ്ങളുടെ ആശയം ഇതത്രെ: പ്രപഞ്ചസ്രഷ്ടാവായ അല്ലാഹു തികഞ്ഞ നീതിമാനാണ്. അവൻ എല്ലാവരുടെയും ചെറുതും വലുതുമായ കർമങ്ങളും ചിന്തകളും മനസ്സിലാക്കുകയും അവ രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ട്. അതിൽ ഒരു മാറ്റവും വരുത്തുവാൻ ആർക്കും സാധിക്കുകയില്ല. ഓരോ മനുഷ്യനും പ്രവർത്തിച്ചതിൻെറ ഫലം അവന് ലഭിക്കാതെ പോവുകയുമില്ല.

ഇവിടെ ഒരു സംശയം. ഏകദൈവ വിശ്വാസിയും സുകൃതിയുമായ മനുഷ്യൻ വല്ലപ്പോഴും അബദ്ധത്തിൽ ചെയ്ത കുറ്റത്തിന് ശിക്ഷ അനുഭവിക്കേണ്ടിവരില്ലേ? അതുപോലെ ദൈവനിഷേധിയും താന്തോന്നിയുമായ മനുഷ്യൻ ചെയ്ത പുണ്യങ്ങളുടെ പേരിൽ അവൻ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയില്ലേ?

ഈ പ്രശ്നത്തിൻെറ ഉത്തരം വളരെ വ്യക്തമാണ്. സത്യവിശ്വാസിയിൽ സംഭവിക്കുന്ന ലഘുപാപങ്ങൾ അയാളുടെ സർകർമങ്ങളെ മുൻനിറുത്തി പൊറുത്തുകൊടുക്കുന്നതാണ്. എന്നാൽ സത്യനിഷേധി ചെയ്യുന്ന സൽകർമങ്ങൾ നിഷ്ഫലമാവുകയും ചെയ്യും. കാരണം, കർമങ്ങൾക്ക് പ്രതിഫലം ലഭിക്കുന്നതിനുള്ള അടിസ്ഥാനം ഏകദൈവ വിശ്വാസമാണ്. അതിനെ അടിസ്ഥാനമാക്കിയുള്ള കർമങ്ങളാണ് അംഗീകരിക്കപ്പെടുക. എന്നാൽ സത്യനിഷേധിയെ സംബന്ധിച്ചിടത്തോളം അയാളുടെ നല്ല കർമങ്ങൾക്കുള്ള പ്രതിഫലം ഇഹലോകത്തു വെച്ചുതന്നെ അയാൾക്ക് ലഭിച്ചിട്ടുണ്ട്. അയാളുടെ അഭിലാഷം അതായിരുന്നല്ലോ. മാത്രവുമല്ല, ദൈവികപ്രതിഫലം എന്ന ചിന്തയും പ്രതിഫലമോഹവും അയാൾക്കൊട്ടും ഉണ്ടായിട്ടുമില്ല. അപ്പോൾ വിശ്വാസിയായിക്കൊണ്ട് നാം ചെയ്യുന്ന കർമങ്ങൾക്കാണ് പ്രതിഫലം ലഭിക്കുകയുള്ളൂ. അക്കാര്യത്തിൽ ഒരു അനീതിയും അല്ലാഹു ചെയ്യുകയില്ല. നാം ചെയ്യുന്ന ഓരോ നിസ്സാര നന്മയും അവൻെറയടുത്ത് ഏറെ മൂല്യമുള്ളതാകുന്നു. അവയെ നാം നിസ്സാരമായി കാണരുത്. അതുപോലെ നിസ്സാര തിന്മകളെയും നാം അവഗണിച്ചുകളയരുത്.